# ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ. മുരളീധരൻ: സർ, " 2016 ഫെബ്രുവരി മാസം 5-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദി പ്രമേയത്തിന് ഭേദഗതി നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ, അങ്ങ് പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ അങ്ങ് പ്രസംഗിക്കുന്നത് ശരിയല്ല. അതുകൊണ്ട് പ്രസംഗമെല്ലാം ഒഴിവാക്കുന്നു. അങ്ങേയ്ക്ക് നാളെ

നന്ദിപ്രമേയത്തിന്മേലുള്ള പ്രസംഗം നടത്താവുന്നതാണ്. ഒരു കാര്യം കൂടി ചെയർ ശ്രദ്ധയിൽപ്പെടുത്തുന്നു, കാര്യോപദേശക സമിതി ചർച്ച ചെയ്തതനുസരിച്ച് ഗവർണ്ണറുടെ നന്ദിപ്രമേയത്തിനുള്ള ചർച്ച മൂന്ന് ദിവസം എന്നാണ് തീരുമാനിച്ചിരുന്നത്. ഇന്നത്തെ ചർച്ച നഷ്ടപ്പെടുകയാണ്. അതുകൊണ്ട് ആ ചർച്ച രണ്ട് ദിവസം ഉണ്ടായിരിക്കും. നാളെയും മറ്റന്നാളുമായുള്ള ദിവസങ്ങളിൽ ആ ചർച്ച നടത്തുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.)

*******